LIBRARY ARCHIVES Kerala Legislative Assembly

പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്

64(2265) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ .എസ്.ഇ ബി മഞ്ചേരി ഡിവിഷനു കീഴിൽ മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; ഈ സർക്കാരിന്റെ കാലത്ത് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ ;*എങ്കിൽ എവിടെയെല്ലാമാണ്;*പുതുതായി ആരംഭിച്ച സെക്ഷൻ ഓഫീസുകളിൻ കീഴിൽ എത്ര വീതം ഉപഭോക്താക്കളാണ് നിലവിലുള്ളത് ; വിശദാംശം നല്കുമോ;

(സി) പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് തടസ്സമായി ഉന്നയിക്കുന്ന കാരണങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ ;

(ഡി) അവ പരിഹരിച്ച് വള്ളുവമ്പ്രം ,മഞ്ചേരി നോർത്ത്, കിഴിശ്ശേരി എന്നീ സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കിലോമീറ്റർ അഥവാ 20000 ഉപഭോക്താക്കൾ, 100 ചതുരശ്രകിലോമീറ്റർ), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് സാധാരണഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ള സെക്ഷൻ ഓഫീസുകളുടെയും ഉപഭോക്താക്കളുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. പ്രസ്തുത മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ പൂക്കൊളത്തൂർ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.